■ ലേഖനം

ശാനവാസ് കൊല്ലം

# ഖുർആന്റെ ശാദ്വല തീരത്ത്

**എന്റെ** ചുറ്റുപാടുമുള്ള അന്തരീക്ഷത്തിന് ഘനം കൂടി വരുന്നു. ആകാശവും ഭൂമിയും എന്നെ എതിർദിശകളിൽ അമർത്തിക്കൊണ്ടേയിരിക്കുന്നു. അനന്തമായ സമയത്തിന്റെ അദൃശ്യ ഹസ്തങ്ങൾ എന്നെ മുന്നോട്ടു വലിച്ചു പിടിക്കുന്നു. ഇന്നലെകളിലെ സ്വപ്നഭംഗങ്ങളും ദുരന്തസ്മൃതികളും ഉയിർത്തെഴുന്നേറ്റ് ഉഗ്രരൂപം പ്രാപിച്ച് മുന്നിൽ വന്ന് താണ്ഡവ നൃത്തമാടുന്നു.

സ്നേഹിക്കാനാരുമില്ലാത്ത മനുഷ്യൻ ജീവിതത്തിന്റെ മരുഭൂമിയിലേക്ക് വലിച്ചെറിയപ്പെട്ടവനാണ്. മരണം മാത്രമാണ് അവന്റെ മുന്നിലെ ഏറ്റവും വലിയ യാഥാർഥ്യം. ഒട്ടകം പോലും അവനെ വിട്ടു പോയിരിക്കുന്നു. ജീവൻ നിലനിർത്താനുള്ള വെള്ളവും ഭക്ഷണവും അതിന്റെ പുറത്ത്. കാലിൽ പാദരക്ഷയില്ല, ജന്മത്തിന്റെ എല്ലാ പീഡകളും അവൻ ഏറ്റുവാങ്ങുകയാണ്. അനന്തസഹസ്രം നാഴിക വിസ്തൃതമായ മണൽകാട്ടിൻ നടുവിൽ..... ഭൂമിയിലേക്ക് ആണ്ടുപോകാനോ ആകാശം തുളച്ചു കയറാനോ അവനാവില്ല.

സൂര്യരശ്മികൾ ഇഴയായ് പിരിഞ്ഞ് ഉഗ്രതാപത്തിന്റെ എല്ലാ തീവ്രതയോടും കൂടി അവന്റെ ഓരോ കോശത്തിലും ഉന്മാദ നൃത്തം ചവിട്ടുന്നു. കാൽകീഴിലെ മണൽ തരികൾ ദീർഘനാളായി അവനെ പ്രതീക്ഷിച്ചിരിക്കയായിരുന്നു എന്ന പോലെ ഓരോ തരിയും മത്സരിച്ച് അവന്റെ പാദങ്ങളിൽ പ്രതികാരത്തിന്റെ കനലുകൾ തിരുകിക്കയറ്റുന്നു.

അജ്ഞാതദേശത്തുനിന്നും ഓരോ കുതിപ്പിലും ശക്തി പ്രാപിച്ച് അലറിപ്പാഞ്ഞുവരുന്ന മരുക്കാറ്റ് അവനെ കൂറ്റൻ മണൽ തിരകൊണ്ട് മൂടിക്കളയാൻ പോകുന്നു.

മുകളിൽനിന്നും താഴെനിന്നും വശങ്ങളിൽനിന്നും മരണത്തിന്റെ അലർച്ച കേട്ട് കണ്ണിൽ ഇരുട്ടു കയറിയ, ബധിരത ബാധിച്ച ഈ മനുഷ്യൻ—

ജീവിതത്തെക്കുറിച്ച പ്രതീക്ഷയുടെ അവസാന കണികയും ആയിരം മയിലുകൾക്കപ്പുറത്തേക്ക് തള്ളിമാറ്റപ്പെട്ട ഈ മനുഷ്യൻ-

മരണത്തിന്റെ ബലിഷ്ഠമായ ആലിംഗനത്തിൽ ഒരു ഞരക്കംകൊണ്ടെങ്കിലും പ്രതിരോധിക്കാനാവാതെ, ഇത്തരം ഒരു വിധിക്കായ് തന്നെ കരുതിവെച്ച കാലത്തിനെയും ഇത്തരമൊരു വിടവാങ്ങലിനു വേണ്ടി തനിക്കു ജന്മമേകിയ വിധിയേയും മനസ്സിന്റെ ഏതോ കോണിൽ പഴിച്ചുകൊണ്ട് മരണത്തിന് വിധേയപ്പെടുക മാത്രമല്ലാതെ എന്തുചെയ്യാൻ!

*** *** ***

മനുഷ്യജീവിതം നിരന്തരമായ ഒരു ജയിൽ പീഡനമാണ്.

**ഖുർആനവനെ കൂട്ടിക്കൊണ്ടുപോവുന്നു, അവൻ ഇതുവരെ കണ്ടിട്ടില്ലാത്ത ഒരു ലോകത്തേക്ക്. അതിർത്തികളും പരിമിതികളുമില്ലാത്ത ലോകത്തേക്ക്... ലോകങ്ങളിലേക്ക്. എപ്പോഴും ഖുർആൻ നിന്റെ മുമ്പിലുണ്ടാവും, എല്ലാ നന്മയിലേക്കും വഴിനടത്തിക്കൊണ്ട്..**

കാണാനാവാത്ത എന്നാൽ അനുഭവതലത്തിൽ തീവ്രമായ ഒരുപാടഴികൾക്കുള്ളിൽ ബന്ധിതനാണവൻ. സാധാരണ ജയിലാണെങ്കിൽ ചില വിദഗ്ധന്മാരെങ്കിലും ചാടി പുറത്തുകടക്കാനുള്ള സാധ്യതയുണ്ട്. മിക്കവാറും പേർക്ക് കാലാവധി കഴിഞ്ഞാൽ വിട്ടയക്കപ്പെടുമെന്ന പ്രതീക്ഷയുമുണ്ട്. എന്നാൽ ജയിൽ ചാടുന്നവനോ, വിട്ടയക്കപ്പെടുന്നവനോ ആയ കുറ്റവാളിക്കും രക്ഷപ്പെടാനാവാത്ത അനന്തവും, ഭീകരവുമായ ഒരു ജയിലിൽ അവൻ വീണ്ടും അടക്കപ്പെടും- അതത്രെ ജീവിതം.

*** *** ***

ജനനത്തിന്റെയും, ആത്യന്തികമായ വിടപറയലിന്റെയും ഇടക്കുള്ള അധികമോ കുറഞ്ഞതോ ആയ സമയത്തിന്റെയും സ്ഥലത്തിന്റെയും അനിശ്ചിത ബിന്ദുക്കൾ- ഒരാൾ എങ്ങനെ ജീവിച്ചു തീർക്കും? എല്ലാവർക്കും ആശയക്കുഴപ്പമാണ്. ഓരോ വ്യക്തിയും നിസ്സഹായനാണ്. സ്വപ്നം കാണാനും ചീട്ടുകൊട്ടാരങ്ങൾ പടുത്തുയർത്താനും മാത്രം വിധിക്കപ്പെട്ടവൻ. എപ്പോഴും അവന്റെ മനസ്സിൽ മുഴങ്ങുന്നത് പളുങ്ക് കൊട്ടാരങ്ങൾ തകർന്നു വീഴുന്നതിന്റെ ശബ്ദങ്ങളായിരിക്കും.

ഉള്ളിൽ പ്രക്ഷുബ്ധതയുടെ ഒടുങ്ങാത്ത തിരമാലകൾ ഒന്നിനു പിറകെ ഒന്നായി ഹൃദയമതിലുകൾ തകർത്തെറിഞ്ഞുകൊണ്ടിരിക്കുമ്പോൾ, പുറമെ ശാന്തതയും സന്തോഷവും നടിക്കാൻ വിധിക്കപ്പെട്ടവനാണവൻ.

അങ്ങനെ ജീവിതം വീണ്ടും വൈരുധ്യങ്ങളുടെ അറ്റം കാണാത്ത ഇരുളടഞ്ഞ ഇടനാഴികകളിലൂടെ അവനെ മുന്നോട്ടു നയിക്കുന്നു.

കരയിലും കടലിലും ആകാശത്തും അവന്റെ ജീവൻ കൊത്തിപ്പറിക്കാൻ കാത്തിരിക്കുന്ന കഴുകന്മാരെക്കുറിച്ച് അവനെങ്ങനെ നിർഭയനാകാൻ സാധിക്കും? ജീവിതം അവന് നാവിൽ തേച്ച മധുകണമല്ല. അവന്റെ തലയിലെടുത്തു വെച്ച മഹാഭാരമാണ്. ജീവിതത്തിന്റെ കാൽവരിക്കുന്നുകൾ താണ്ടി ഒടുവിൽ ഏതോ അജ്ഞാതമായ ഇടത്തിൽ വീണ് മണ്ണോട് വിലയം പ്രാപിക്കാൻ മാത്രം ഒരു ജന്മം.

*** *** ***

തെറ്റിപ്പോയ ഒരു സമവാക്യമാണോ ജീവിതം? അതോ വരിതെറ്റിയ കവിതയോ? ആർക്കറിയാം? മനുഷ്യനായ് പിറന്നതിന്റെ, ജന്മ ബന്ധങ്ങളുടെ, കാത്തിരിക്കുന്ന ഭാവിയുടെ, ആകുല ചിന്തകൾ മനസ്സിലുണരുമ്പോൾ മനുഷ്യൻ പലപ്പോഴും ആഗ്രഹിക്കും- മനുഷ്യനായ് പിറന്നിരുന്നില്ലെങ്കിൽ! ഒരു ജന്തുവോ, പക്ഷിയോ, ചിത്രശലഭമോ, പൂവോ ആയിരുന്നെങ്കിൽ !

*** *** ***

ഇത് ഒരാളുടെ ഡയറിക്കുറിപ്പിലെ ചില വരികളാണ്.

ജീവിതത്തെക്കുറിച്ച വ്യക്തമായ ധാരണകളില്ലാതിരുന്ന കാലത്തൊരിക്കൽ കുറിച്ചിട്ടത്. ഉഴറിപ്പായുന്ന മനസ്സിന് അവലംബിക്കാൻ പറ്റുന്ന അദൃശ്യശക്തിയെക്കുറിച്ച് ബലപ്പെട്ട വിശ്വാസമില്ലാതിരുന്ന കാലം. അദൃശ്യത്തിലിരുന്ന് ദാസന്റെ കൈപിടിച്ച് സ്നേഹപൂർവം വഴി നടത്തുന്ന കാരുണ്യനിറവിനെ അറിഞ്ഞിടാത്ത കാലം, അധിക സ്വപ്നങ്ങൾക്കും ചിറകുമുളക്കാത്ത ഈ ലോകത്തിനപ്പുറം സ്വപ്നങ്ങളെല്ലാം പൂവണിയുന്ന അനന്തതയുടെ ലോകത്തെക്കുറിച്ച് വിശ്വാസമില്ലാതിരുന്ന കാലം.

അവിശ്വാസി എത്രമാത്രം അരക്ഷിതനാണെന്ന് സാക്ഷ്യപ്പെടുത്തുന്നു മേൽവരികൾ. അതിൽ ഒട്ടും കലർപ്പില്ല. ഖുർആൻ സൂചിപ്പിച്ചപോലെ... ആകാശത്തുനിന്ന് വീണവനെപ്പോലെ... പ[illegible]കൾ അവനെ റാഞ്ചിയെടുത്ത് കൊത്തിപ്പറിച്ചേക്കാം. കാറ്റെടുത്ത് ഏതെങ്കിലും പാതാളക്കുഴിയിലേക്ക് അവനെ വലിച്ചെറിഞ്ഞെന്നും വരാം....

മരുഭൂമിയിൽ അയഥാർഥമായ മരുപ്പച്ചക്ക് നേരെ ഓടുന്ന ദാഹാർത്തനെപ്പോലെ....

അവിടെ ഒരു ജലകണം പോലും അവന് കാണാനാവില്ല...!

നിരാശയുടെ, ദുഃഖത്തിന്റെ, വേദനകളുടെ എത്ര മടക്കുകളാണ് അവനെ ആവരണം ചെയ്തിരിക്കുന്നത്!

ഇരുൾ മുറ്റിയ ആഴക്കടൽ... എല്ലാം മൂടിക്കളയുന്ന തിരമാല... വീണ്ടും തിരമാലകൾ.... അവക്ക് മുകളിലതാ കറുത്ത മേഘങ്ങൾ...

ഇരുൾ.... വീണ്ടും ഇരുൾ.....

ഇരുളിന്റെ നിറവിൽ അവൻ കൈയുയർത്തിപ്പിടിച്ചിട്ട് ആരു കാണാൻ!

ദിവ്യവെളിച്ചം വഴികാട്ടിയില്ലെങ്കിൽ പിന്നെയെവിടെനിന്ന് വെളിച്ചം കിട്ടാൻ! (24: 40).

ജീവിതം, ദൈവം, മാർഗം തുടങ്ങിയവയെക്കുറിച്ച് ഉത്തരം കിട്ടാതെ സുഗമമായസഞ്ചാരം മനുഷ്യന് അസാധ്യമാണ്. എവിടെ നിന്നാണതിന് ഉത്തരം കിട്ടുക? പരിഭ്രമിച്ചു നിൽക്കുന്ന മനുഷ്യന്റെ മുമ്പിലേക്കതാ ഖുർആൻ കടന്നു വരുന്നു.

വ്യഥിതഹൃദയമാണെങ്കിലും അരക്ഷിതനാണെങ്കിലും ഉള്ളിലെവിടെയോ, നിഷേധത്തിന്റെ, സംശയത്തിന്റെ, പുച്ഛത്തിന്റെ കണികകൾ ഒളിമിന്നുന്നു.

ഖുർആൻ തുറന്നു: 'ബിസ്മില്ലാഹി.... അപരിചിതമായ ശബ്ദം... റഹ്മാൻ!.. റഹീം!...കാരുണ്യം!... കരുണയുടെ നിറവ്!

'കാരുണ്യം' ഉള്ളൊന്നു തണുക്കുന്നതുപോലെ. പുറത്തൊരു സാന്ത്വന സ്പർശം.

അദൃശ്യത്തിൽ നിന്നാരോ സ്നേഹപൂർവം നിർബന്ധിക്കുന്നു... 'തുടരൂ..' അൽഹംദുലില്ലാഹി... 'അല്ലാഹു... അല്ലാഹു' റബ്ബുൽ ആലമീൻ... ലോകങ്ങളുടെ സംരക്ഷകൻ! പരിപാലകൻ!.. എന്നെയും അവൻ സംരക്ഷിക്കുമെന്നോ? എന്നെ താങ്ങുന്ന അദൃശ്യകരങ്ങളുണ്ടെന്നോ? ഉള്ളിലൊരു വെളിച്ചം. ഞരമ്പുകൾ അയയുന്നു. തലയിലിരുന്ന ഭാരങ്ങൾ എവിടെപ്പോയി? ഉള്ളിലെ കാറ്റും കോളും എവിടെപ്പോയി? 'ലോകങ്ങളുടെ നാഥൻ'... എന്റെയും നാഥൻ. പുറ്റും [illegible]ക്ക്.. [illegible] ഒറ്റക്കല്ല. ലോക[illegible] ടൊപ്പം. ലോകത്തോടൊപ്പം ഞാൻ! എനിക്കുവേണ്ടി സൂര്യനുദിക്കുന്നു. എനിക്കായ് ചന്ദ്രനുദിക്കുന്നു, മഴപെയ്യുന്നു, മുല്ല പൂക്കൾ ചൂടുന്നു, കുയിൽ പാടുന്നു.

*** *** ***

ഖുർആൻ അങ്ങനെ ജീവിതത്തിലേക്ക് കടന്നുവരുന്നു. നിറഞ്ഞ കാരുണ്യമായി... വെളിച്ചമായി.

'ഏയ് മനുഷ്യരേ... നിങ്ങളുടെ നാഥന്റെ സദുപദേശമിതാ നിങ്ങൾക്കായ് വന്നെത്തിയിരിക്കുന്നു... ഹൃദയകാലുഷ്യങ്ങൾക്ക് ഇതാണു പരിഹാരം. അതിനെ വിശ്വാസത്തിലെടുക്കുന്നവർക്ക് സന്മാർഗവും കാരുണ്യവും നുകരാം. പറയൂ (മുഹമ്മദേ)! ഉദാരമായി കാരുണ്യപൂർവം അല്ലാഹു ഇതിറക്കിയിരിക്കുന്നു. ഖുർആൻ കൊണ്ടവരാനന്ദമടയട്ടെ! ഇതിലും മെച്ചപ്പെട്ടതെന്താണവർക്കു ശേഖരിച്ചു വെക്കാനുള്ളത്(10: 57,58).

*** *** ***

ഖുർആനവനെ കൂട്ടിക്കൊണ്ടുപോവുന്നു, അവൻ ഇതുവരെ കണ്ടിട്ടില്ലാത്ത ഒരു ലോകത്തേക്ക്. അതിർത്തികളും പരിമിതികളുമില്ലാത്ത ലോകത്തേക്ക്... ലോകങ്ങളിലേക്ക്. എപ്പോഴും ഖുർആൻ നിന്റെ മുമ്പിലുണ്ടാവും, എല്ലാ നന്മയിലേക്കും വഴിനടത്തിക്കൊണ്ട്.. 'നിശ്ചയം ഈ ഖുർആൻ ഏറ്റവും ശരിയായതിലേക്ക് നയിക്കുന്നു' (17: 9).

വെളിച്ചത്തിലൂടെയുള്ള സഞ്ചാരം. കൂടുതൽ വെളിച്ചം തേടിയുള്ള പ്രയാണം.

'ഈ വേദഗ്രന്ഥം, താങ്കൾ ജനതയെ ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്ക് വഴിനടത്താൻ വേണ്ടിയത്രെ നാം ഇറക്കിത്തന്നിട്ടുള്ളത്'(14: 1).

എല്ലാ ഇരുട്ടും ഭേദിച്ചുകൊണ്ട് പോവുന്ന വെളിച്ചം. വെളിച്ചം... വീണ്ടും, വീണ്ടും വെളിച്ചം(24:35).

*** *** ***

ഖുർആൻ താക്കോലാണ്. നിങ്ങൾക്കജ്ഞാതമായ നിഗൂഢമായ ഒരു ലോകത്തെ അത് തുറന്നു കാട്ടുന്നു. ഒന്നാമധ്യായത്തിന്റെ പേരുതന്നെ 'തുറക്കുന്നത്'(അൽ ഫാതിഹ) എന്നായത് തികച്ചും സ്വാഭാവികം.

*** *** ***

മുമ്പ് നിങ്ങൾ തീരെ ചെറുതായിരുന്നു. വലിയൊരു ജീവിതത്തിന്റെ ഭാരം മുഴുവൻ സ്വന്തം ചുമലിലേറ്റാൻ വിധിക്കപ്പെട്ട നിസ്സഹായൻ.

ഇപ്പോഴിതാ നിങ്ങളുടെ കൈയിൽ ഖു[illegible]ആൻ. നിങ്ങൾ ഉയരുന്നു. നിങ്ങൾ പ്രപഞ്ചത്തോളം വളരുന്നു. ഒരു വിശ്വപൗരനായിത്തീരുന്നു.

അദ്ദേഹം (ഇബ്റാഹീം) വിളിച്ചു പറഞ്ഞു:

'ലോകങ്ങളുടെ നാഥന് ഞാൻ സ്വയം സമർപ്പിച്ചിരിക്കുന്നു'(2: 131).

നിങ്ങളുടെ റബ്ബ്... ആറു നാൾകൊണ്ട് ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ചു. പിന്നീട് സിംഹാസനത്തിലുപവിഷ്ഠനായി. സൂര്യൻ, ചന്ദ്രൻ,

നക്ഷത്രങ്ങൾ... എല്ലാം അവന്റെ കല്പനക്ക് വിധേയം... (7: 54).

പ്രപഞ്ചത്തിലൊരിടത്തും താൻ ഒറ്റക്കല്ല. നാഥനും പ്രപഞ്ചവും സദാ തന്നോടൊപ്പമുണ്ട്.

'...ഭയം വേണ്ട... അല്ലാഹു നമ്മോടൊപ്പമുണ്ട്'(9: 40).

'എന്നെക്കുറിച്ച് എന്റെ ദാസൻ അന്വേഷിച്ചാൽ ...ഞാനിതാ അടുത്തുതന്നെയുണ്ട്...'(2: 185).

അല്ലാഹു നമ്മുടെ അടുത്തെന്നോ? എത്രത്തോളം?

'മനുഷ്യന്റെ കണ്ഠനാഡിയെക്കാളും നാം അവനോടടുത്തവൻ...'(50: 16).

മലക്കുകൾ അവന്നായി പ്രാർഥിക്കുന്നു...

'....എല്ലാത്തിലും കാരുണ്യം നിറച്ച, എല്ലാം അറിയുന്ന നാഥാ... പശ്ചാത്തപിച്ചവർക്ക്, നിന്റെ മാർഗം പിൻതുടർന്നവർക്ക്... പാപമോചനം നൽകേണമേ... നരകത്തിൽ നിന്ന് അവരെ കാക്കേണമേ...'(40: 7).

*** *** ***

നിങ്ങൾക്കു മുന്നിൽ പരിമിതമല്ലാത്ത ഒരു ലോകം ഖുർആൻ തുറന്നു തരുന്നു. നിങ്ങൾക്ക് നിങ്ങളുടെ വീട്ടിലിരുന്നു കൊണ്ട് തന്നെ പ്രപഞ്ച സഞ്ചാരം നടത്താം. പ്രപഞ്ച നാഥൻ നിങ്ങൾക്ക് അവന്റെ സാമ്രാജ്യത്തിലെവിടെയും കടന്നുചെല്ലാനുള്ള അനുമതി നൽകിയിരിക്കുന്നു.

അന്തരീക്ഷത്തിൽ കാറ്റിനൊപ്പം നിങ്ങൾ സഞ്ചരിക്കുന്നു. മഴയോടൊപ്പം പെയ്യുന്നു. മലകൾ കയറി ഇറങ്ങുന്നു. കടലിൽ അലമാലകളിൽ ആനന്ദ നൃത്തമാടുന്നു. വിജനമായ മരുഭൂവിൻ നടുവിൽ സമൃദ്ധമായ മരുപ്പച്ചയും, നിലക്കാത്ത ജലപ്രവാഹവും നിങ്ങൾ കണ്ടെത്തുന്നു. നിങ്ങൾ തേനീച്ചക്കൂട്ടത്തെ കൗതുകത്തോടെ നിരീക്ഷിക്കുന്നു. ഉറുമ്പുകളുടെ വാക്കിന് കാതോർക്കുന്നു. തോട്ടങ്ങളിൽ അവക്കിടയിലൂടെ ഒഴുകുന്ന ജലപ്രവാഹത്തിനൊപ്പം നിങ്ങൾ സഞ്ചരിക്കുന്നു. ചിറകു വിരുത്തിയും, കൂട്ടിപ്പിടിച്ചും പറക്കുന്ന പക്ഷിയെ നിങ്ങൾ കാണുന്നു -ഖുർആനിൽ.

കാലം നിങ്ങൾക്കു മുന്നിൽ തടസ്സമല്ല.

കാലത്തിന്റെയും, സ്ഥലത്തിന്റെയും സീമകൾ അതിവർത്തിച്ച് നിങ്ങൾ ഇന്നലെകളിലേക്ക് പോവുന്നു.

കഴിഞ്ഞുപോയ എത്ര സമുദായങ്ങൾ! നാഗരികതയും, സംസ്കാരവും പുഷ്കലമായി നിന്നിരുന്ന, പിന്നീട് ക്ഷയിച്ചുപോയ എത്ര സമൂഹങ്ങൾ! ആദും സമൂദും...

**അന്തരീക്ഷത്തിൽ കാറ്റിനൊപ്പം നിങ്ങൾ സഞ്ചരിക്കുന്നു. മഴയോടൊപ്പം പെയ്യുന്നു. മലകൾ കയറി ഇറങ്ങുന്നു. കടലിൽ അലമാലകളിൽ ആനന്ദ നൃത്തമാടുന്നു. വിജനമായ മരുഭൂവിൻ നടുവിൽ സമൃദ്ധമായ മരുപ്പച്ചയും, നിലക്കാത്ത ജലപ്രവാഹവും നിങ്ങൾ കണ്ടെത്തുന്നു. നിങ്ങൾ തേനീച്ചക്കൂട്ടത്തെ കൗതുകത്തോടെ നിരീക്ഷിക്കുന്നു. ഉറുമ്പുകളുടെ വാക്കിന് കാതോർക്കുന്നു. തോട്ടങ്ങളിൽ അവക്കിടയിലൂടെ ഒഴുകുന്ന ജലപ്രവാഹത്തിനൊപ്പം നിങ്ങൾ സഞ്ചരിക്കുന്നു. ചിറകു വിരുത്തിയും, കൂട്ടിപ്പിടിച്ചും പറക്കുന്ന പക്ഷിയെ നിങ്ങൾ കാണുന്നു-ഖുർആനിൽ.**

കാലത്തിന്റെ ഇന്നലെകളിലേക്കുള്ള പുതുമയുള്ള സഞ്ചാരം. ആദിപിതാവിനെ നാം കണ്ടെത്തുന്നു. പ്രവാചകന്മാർ, ഇബ്റാഹീം, മൂസാ, ഈസാ, യൂസുഫ്...

മനുഷ്യന്റെ ധിക്കാരം. ചോരവീണു കുതിർന്ന മണ്ണടരുകൾ... മർയം... ആസിയ... അവരിൽ നാം നമ്മുടെ സ്വത്വത്തിന്റെ അർഥം കണ്ടെത്തുന്നു.

ഫിർഔൻ, നംറൂദ്, അബൂലഹബ്... ധിക്കാരത്തിന്റെ, നിഷേധത്തിന്റെ, പരാജയത്തിന്റെ താക്കീതുകൾ...

അബ്റഹത്തിന്റെ ആനപ്പട ചവച്ചരക്കപ്പെട്ട വൈക്കോലായ് നിന്റെ മുമ്പിൽ...

നിങ്ങൾ ഭാവിയിലേക്ക് പോവുന്നു...

പ്രവർത്തനത്തിന്റെ കണക്കുനോക്കുന്ന ഭയാനകമായ ഒരു നാൾ...

നരകത്തിന്റെ ഭയാനകത കണ്ട് നിങ്ങൾ പിൻമാറുന്നു. ആമോദത്തോടെ സ്വർഗത്തിന്റെ നേർക്ക് പാഞ്ഞടുക്കുന്നു. മലക്കുകൾ അണിയണിയായ് നിൽക്കേ പടച്ചവൻ ആഗതനാവുന്ന നിമിഷം.

നമ്മുടെ ആത്മാവിനെ ദൈവം സ്വാഗതം ചെയ്യുന്ന ഒരു നല്ല നാളെ. നാം കാത്തിരിക്കുന്ന നിമിഷം.

'നിത്യശാന്തി പുൽകിയ ആത്മാവേ... നിന്റെ നാഥനിലേക്ക് മടങ്ങിയാലും... എന്റെ സ്വർഗത്തിൽ കടന്നാലും...'

*** *** ***

നിങ്ങളുടെ വളർച്ച, പരിപാലനം ലോകങ്ങളുടെ നാഥൻ ഏറ്റെടുത്തതാണ്. നിങ്ങൾ നിങ്ങളെ അവന്റെ കരങ്ങളിൽ വച്ചു കൊടുത്തതാണ്. അവനിഛിക്കും വിധം നിങ്ങളെ രൂപപ്പെടുത്താൻ. അവൻ നിങ്ങളെ വളർത്തുകയാണ് ഖുർആനിലൂടെ...

അവിശ്വാസിയെയും അവൻ ശാരീരികമായി വളർത്തും...

പോഷണത്തിനാവശ്യമായതെല്ലാം നൽകും...

'നിഷേധിക്കും നാം ഈ ലോകത്തെ വിഭവം നൽകും'(2: 126).

ദൈവകരത്തിൽ സ്വയം വച്ചുകൊടുത്തവനെ അവൻ മാനസികമായും ആത്മീയമായും വളർത്തും. ഇരുട്ടിൽനിന്ന് വെളിച്ചത്തിലേക്കവനെ നയിക്കും.

'വിശ്വാസികളുടെ രക്ഷാധികാരി അല്ലാഹുവാണ്. ഇരുളുകളിൽ നിന്ന് വെളിച്ചത്തിലേക്ക് അവൻ അവരെ നയിച്ചുകൊണ്ടിരിക്കുന്നു'(2: 257).

*** *** ***

പ്രകൃതിയിലും ചരിത്രത്തിലും കാലത്തിലും ധാർമികതയിലും നന്മയിലും ഖുർആൻ നിങ്ങളെ പ്രതിഷ്ഠിക്കുന്നു. ഇളകി വീഴാതെ.... അടിപതറാതെ സൂക്ഷിക്കുന്നു...

'ഉറപ്പുള്ള വചനത്തിൽ വിശ്വസിച്ചവരെ, അല്ലാഹു ഇഹത്തിലും, പരത്തിലും, ഉറപ്പിച്ചുനിറുത്തുന്നു'(14: 27).

പിന്നെ നിങ്ങൾക്കു വളരാം... വികസിക്കാം... സംസ്കാരവും നാഗരികതയും കെട്ടിപ്പടുക്കാം. വിശുദ്ധമായ കരങ്ങളുടെ കാരുണ്യപൂർണമായ പരിപാലനത്തിലാണ് നിങ്ങളെപ്പോഴും. ■